17

# “ഞാൻ”

# (8:12- 59)

അടുത്ത സമയത്തു എന്നെ മഥിച്ചുകൊണ്ടിരുന്ന ഒരു വാക്കു ശ്രദ്ധിക്കയുണ്ടായി. ആ വാക്കിനു പല അർത്ഥങ്ങൾ ഉണ്ടാകാം, എന്നു ഞാൻ കരുതുന്നു, എന്നാൽ അതു പ്രാഥമികമായി ചർച്ചകളുടെ അവ സാനമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ആദ്യം, ഞാൻ വിചാരിച്ചതു, അതു ചെറുപ്പ - ക്കാരാണ് ഉപയോഗിച്ചിരുന്നതു എന്നാണ്, പക്ഷേ പിന്നീടു ഞാൻ അതു എല്ലാ തലമുറയിലേയും ആളുകളുടെ ചുണ്ടിൽ നിന്നു പുറപ്പെടുന്നതു കേട്ടു. അധികവും, ഉപയോഗിച്ചു പറയുന്നതു, “ഇനിയും കൂടുതൽ അതിനെക്കുറിച്ചു സംസാരിച്ചാലും കുഴപ്പമില്ല” എന്നാണ്. ആ വാക്ക് “എന്തായാലും” എന്നതാണ്.

ഒരു രക്ഷകർത്താവു കുട്ടിയോടു പറയും, “നീ ഇതു ചെയ്യണം!” എന്ന, കുട്ടി മറുപടി പറയും, “എന്തായാലും.” ഒരു ചെറുപ്പക്കാരി - പെൺകുട്ടി “ശരിയായ കാര്യം ചെയ്യുവാൻ” തന്റെ കൂട്ടുകാരിയെ പ്രോത്സാഹിപ്പിച്ചു, അതിനുള്ള മറുപടി “എന്തായാലും” എന്നായിരുന്നു. രണ്ടു പ്രായപൂർത്തിയായവർ രാഷ്ട്രീയത്തെക്കുറിച്ചു, ഒരാൾക്കു മതിയായപ്പോൾ പറഞ്ഞു, “എന്തായാലും.”

പ്രധാനപ്പെട്ട രീതിയിൽ, “എന്തായാലും” എന്നത് ആളുകൾക്കു സത്യം കാര്യമല്ല എന്ന ധ്വനിവരുത്തുന്നു. സത്യത്തെക്കുറിച്ചുള്ള എന്റെ കാഴ്ച്ചപ്പാടു എനിക്കു പറയാം, നിങ്ങൾക്കും അതുപോലെ പറയാം. നമുക്കു രണ്ടുകൂട്ടർക്കും ശരിയാണെന്നു ധരിക്കുകയുമാകാം. 1990 കളിൽ “എന്തായാലും” എന്നതു അമേരിക്കയിൽ സംസ്ക്കാരത്തിന്റെ ഭാഗമായിരുന്നു; ഒരു ദേശത്തിന്റെ ചിന്ത ഒറ്റ - വാക്കിൽ സൂചിപ്പിക്കുന്നു. ഈ താല്പര്യമുള്ള വാക്കിനെക്കുറിച്ചു ഞാൻ വിലയിരുത്തുന്നതിനെ നിങ്ങൾ എന്തു വിചാരിക്കുന്നു? നിങ്ങൾ അതിനു “എന്തായാലും” എന്നു പറയുമോ?

നമ്മുടെ വേദഭാഗമായ 8:12-59-ൽ “എന്തായാലും” എന്നതിന്റെ വെല്ലുവിളി നല്കുന്നുണ്ട്. അവന്റെ അവകാശങ്ങൾ ഉപേക്ഷിക്കാതെ, അവന്റെ സന്ദേശം നമുക്കു ഉൾക്കൊള്ളാം, അവസാനം നിങ്ങൾ സന്തോഷ ത്തോടെ “ഉവ്വ്!” അല്ലെങ്കിൽ നിഷേധിച്ചു “ഇല്ല!” എന്നു പറയുമോ? - “എന്തായാലും” എന്നുത്തരം പറയുവാൻ അവൻ നിങ്ങളെ അനുവദിക്കയില്ല.

## **"ഞാൻ" എന്ന പ്രയോഗം**

8:12-ൽ യേശു പറഞ്ഞു, "ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു." അവന്റെ പ്രസ്താവനയിലെ രണ്ടുവാക്കുകളുടെ ഒരു ഭാഗമായ "ലോകത്തിന്റെ വെളിച്ചം" എന്നതാണ് ആധുനിക വായനക്കാർ എടുക്കുന്നതു, യേശു പറഞ്ഞ ആ പ്രസ്താവനയിലെ പ്രധാനപ്പെട്ട വാക്കാണ്: "ഞാൻ" എന്നതു. ആ ചെറിയ വാക്കിനു നിറഞ്ഞ പഴയ നിയമ പശ്ചാത്തലമുണ്ട്; ഒന്നാം - നൂറ്റാണ്ടിലെ യെഹൂദസദസ്സിനും അതു വിവാദമായിരുന്നു. അവർക്കു അവൻ പറഞ്ഞതു, "ഞാൻ ദൈവം ആകുന്നു" എന്നാണ്. യോഹന്നാന്റെ സുവിശേഷത്തിൽ, അതായിരുന്നു *ശരിക്കും* യേശു പറഞ്ഞത്!

പഴയനിയമത്തിൽ ദൈവം സംസാരിച്ച രീതിയാണ് "ഞാൻ" എന്നതു. മുൾപ്പടർപ്പിൽ ദൈവം മോശെക്കു പ്രത്യക്ഷനായപ്പോൾ, മോശെ ദൈവത്തിന്റെ പേർ ചോദിച്ചു. അവൻ പറഞ്ഞതു, "ഞാൻ ആകുന്നവൻ ഞാനാകുന്നു" എന്നാണ് (പുറപ്പാട് 3:14). പിന്നീട്, മോശെയുടെ ഗീതയിൽ, ദൈവം അരുളിച്ചെയ്തതു കാണുന്നു,

> ഞാൻ ആകുന്ന, അവനെ ഇപ്പോൾ കാണുക,
> ഞാനല്ലാതെ മറ്റൊരു ദൈവം ഇല്ല;
> ജീവിപ്പിക്കുന്നതും മരിപ്പിക്കുന്നതും ഞാൻ തന്നേ ...
> (ആവർത്തനപുസ്തകം 32:39).

നൂറ്റാണ്ടുകൾക്കുശേഷം, പ്രവാചകനായിരുന്ന യെശയ്യാവു എഴുതി,

> നിങ്ങൾ അറിഞ്ഞു എന്നെ വിശ്വസിക്കയും ഞാൻ ആകുന്നു എന്നു ഗ്രഹിക്കയും ചെയ്യേണ്ടതിന്നു "നിങ്ങൾ എന്റെ സാക്ഷികളും," "ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസനും" ആകുന്നു എന്നു യഹോവയുടെ അരുളപ്പാട്. എനിക്കു മുമ്പേ ഒരു ദൈവവും ഉണ്ടായിട്ടില്ല, എന്റെ ശേഷം ഉണ്ടാകയുമില്ല (യെശയ്യാവു 43:10).

അതിന്റെ ഫലമായി, "ഞാൻ" എന്നതു വിശുദ്ധ ഭാഷയായിത്തീരുകയും അതു ദൈവത്തിനല്ലാതെ മറ്റാർക്കെങ്കിലും ഉപയോഗിച്ചാൽ അതു ദൈവദൂഷണമാവുകയും ചെയ്തിരുന്നു!

## **"ഞാൻ" എന്നു യേശു പറയുന്നു**

യോഹന്നാൻ 8 ലെ സംഭവം തുടർന്നു പറയുമ്പോൾ, യേശു ആ വാക്കു തന്നെക്കുറിച്ചു പറയുവാൻ "ഞാൻ" എന്നുപയോഗിക്കുന്നു (ഗ്രീക്ക്.: *ഈഗോ എയിമി*):

> ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (8:12).
>
> ഞാൻ എന്നെക്കുറിച്ചു തന്നെ സാക്ഷ്യം പറയുന്നു (8:18).
>
> ഞാൻ മേലിൽ നിന്നുള്ളവൻ (8:23).

ഞാൻ ഈ ലോകത്തിൽ നിന്നുള്ളവനല്ല (8:23).

അവൻ ഈ ഭാഷ ഉപയോഗിച്ച ഓരോ സമയത്തും, കേട്ടുകൊണ്ടിരുന്ന ആളുകൾ ഭയപ്പെട്ടിരിക്കണം. അവൻ ദൈവം എന്നു പറയാതെ, യേശു ദൈവിക ഭാഷ ഉപയോഗിക്കുകയായിരുന്നു. യേശു അതിൽ അധികമായൊന്നും പറഞ്ഞില്ലെങ്കിൽ, ആ ഭാഷ എന്തിനുവേണ്ടിയാണ് ഉപയോഗിച്ചതെന്നു നാം അതിശയിച്ചുപോയേനെ. തീർച്ചയായും, നാം അതിശയിക്കേണ്ടതില്ല, കാരണം യേശു തന്റെ അവകാശങ്ങൾ വ്യക്തമാക്കിത്തന്നു.

അദ്ധ്യായം 8-ൽ യെഹൂദ പ്രമാണിമാരുമായി അവൻ മൂന്നു പ്രാവശ്യം സംഭാഷണം നടത്തിയപ്പോഴും, യേശു തീവ്രവികാരം ഉണർത്തുന്ന "ഞാൻ" എന്ന വാക്ക് ഉപയോഗിച്ചു. നമുക്കു ഇന്നറിയാവുന്നതുപോലെ, അന്നത്തെ ജനങ്ങൾക്കും യേശു ദൈവപുത്രൻ ആണെന്നാണ് പറഞ്ഞതെന്നു അറിയാമായിരുന്നു: "ആകയാൽ നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു ഞാൻ നിങ്ങളോടു പറഞ്ഞു; ഞാൻ [*ഈഗോ എയിമി*], അങ്ങനെയുള്ളവൻ എന്നു വിശ്വസിക്കാഞ്ഞാൽ, നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു പറഞ്ഞു" (8:24).

വീണ്ടും തെറ്റിദ്ധരിച്ചു, യെഹൂദന്മാർ പിന്നെയും അവനോടു, "നീ ആർ ആകുന്നു?" എന്നു ചോദിച്ചു (8:25). അവൻ അതിന്നു, "നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയശേഷം ഞാൻ തന്നേ അവൻ [*ഈഗോ എയിമി*] എന്നും, ഞാൻ സ്വയമായിട്ടു ഒന്നും ചെയ്യാതെ പിതാവു എനിക്കു ഉപദേശിച്ചുതന്നതുപോലെ ഇതു സംസാരിക്കുന്നു എന്നും അറിയും" (8:28).

ആ സംഭാഷണം യോഹന്നാൻ തുടർന്നു രേഖപ്പെടുത്തിയപ്പോൾ, യേശു സംസാരിച്ചതു "തന്നിൽ വിശ്വസിച്ചവരോടായിരുന്നു" എന്നു സൂചിപ്പിച്ചു (8:31)! അവർ അബ്രഹാമിന്റെ മക്കളാണെന്നു ശഠിച്ചിരുന്നു, അതുകൊണ്ടു അവർ ആർക്കും അടിമകൾ ആയിരുന്നില്ല, താൻ നിമിത്തം യേശു പ്രഖ്യാപിച്ച സ്വാതന്ത്ര്യം ആവശ്യമില്ല എന്നവർ പറഞ്ഞു. അവർ അവനെ കൊല്ലുവാൻ ശ്രമിക്കുന്നു എന്നു യേശു പറഞ്ഞപ്പോൾ, അവനിൽ ഭൂതം ഉണ്ടെന്നു അവർ ആരോപിച്ചു (8:48). അവർ കൂടുതൽ വിരോധമുള്ളവരായി, തങ്ങൾ അബ്രഹാമിന്റെ മക്കൾ ആണെന്നു അവകാശപ്പെട്ടു. അതിന്നു യേശു അബ്രഹാം തന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു സന്തോഷിച്ചു എന്നു പറഞ്ഞു. അബ്രഹാം മരിച്ചിട്ടു നൂറ്റാണ്ടുകളായി പിന്നെ ഇതെങ്ങനെ സംഭവിക്കും എന്നവർ സംശയിച്ചു. "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാം ജനിച്ചതിനുമുമ്പേ ഞാൻ [*ഈഗോ എയ്മീ*]" (8:58).

ഇത് അവർക്കു കേൾക്കുവാൻ കഴിയുന്നതിനപ്പുറമായിരുന്നു! അവർ ലേവ്യാപുസ്തകം 24:16 ലേതിനോടൊപ്പം അവനെ എറിയുവാൻ കല്ലുകൾ എടുത്തു. എങ്ങനെയായാലും, യേശു, അവരുടെ ഇടയിൽനിന്നു മാറി ദൈവാലയം വിട്ടുപോയി. അവൻ അപ്പോൾ പറഞ്ഞതിന്റെ പ്രാധാന്യം എല്ലാവർക്കും മനസ്സിലായി; അവൻ ദൈവത്തോടു കൂടെ ആയിരുന്നവനും, ദൈവപുത്രനും, ദൈവവുമാണ് എന്നുപറ

ഞ്ഞതു എല്ലാവരും തിരിച്ചറിഞ്ഞു!

### ഇന്നു യേശുവിന്റെ അവകാശങ്ങൾ

നാം ഇന്നു യേശുവിനെക്കുറിച്ചു എന്തു വിചാരിക്കുന്നു? യേശു ജീവിച്ചിരുന്നു എന്നും അവൻ നല്ല മനുഷ്യനായിരുന്നു എന്നും മിക്ക പേരും അംഗീകരിക്കുന്നു, എന്നാൽ അവൻ തീർച്ചയായും, ദൈവപുത്രനാണെന്നു, അനേകം പേർ സ്വീകരിക്കുന്നില്ല. അത്തരം കാഴ്ച്ചപ്പാടിനെ യേശു പരിഹാസ്യമായി കാണുന്നു. തന്നെ അവൻ ഒരു നല്ല മനുഷ്യൻ മാത്രമായല്ല അവകാശപ്പെട്ടതു; അവൻ അവകാശപ്പെട്ടതു താൻ **"ഞാൻ"** ആകുന്നു എന്നാണ്. തന്നെ അവൻ ഒരു വലിയ തത്വചിന്തകനായിട്ടല്ല അവതരിപ്പിച്ചത്; പിതാവിങ്കലേക്കുള്ള ഏക വഴിയായിട്ടാണ് അവനെ അവതരിപ്പിച്ചത്. തനിക്കു ദൈവത്തിന്റെ ഉൾവിളി ഉണ്ട് എന്നല്ല അവൻ പഠിപ്പിച്ചത്; അവൻ പിതാവിനോടുകൂടെ ആയിരുന്നു എന്നാണ് അവൻ അവകാശപ്പെട്ടത്. അവന്റെ ധീരമായ അവകാശങ്ങൾ, അവന്റെ വ്യക്തിത്വത്തെ വിശ്വസിക്കുന്നതിനോ അല്ലെങ്കിൽ നിഷേധിക്കുന്നതിനോ തീരുമാനമെടുക്കുവാൻ നമ്മെ നിർബന്ധിപ്പിക്കുന്നു. യേശുവിന്റെ കാര്യം വരുമ്പോൾ, **"**എന്തായാലും ശരി**"** എന്ന തിരഞ്ഞെടുപ്പു സാധ്യമല്ല. അവിശ്വാസികൾ ഇന്നു യേശുവിനെക്കുറിച്ചു **"**ഒരു നല്ല മനുഷ്യൻ**"** എന്നു പറയുന്നതിനേക്കാൾ യേശുവിനെ കല്ലെറിയുവാൻ കല്ലെടുത്ത കോപാകുലരായ യെഹൂദപ്രമാണിമാർ യേശു പറഞ്ഞതു നന്നായി മനസ്സിലാക്കിയിരുന്നു.

ഇതിനെക്കുറിച്ചു, ജോഷ് മെക്ഡവൽ എഴുതി,

> യേശുവിനു, തന്നിൽ വിശ്വസിച്ച സ്ത്രീ പുരുഷന്മാർ അടിസ്ഥാനപരമായി പ്രാധാന്യമുള്ളവർ ആണ്. താൻ ആരായിരുന്നു എന്നു യേശു പറഞ്ഞതും അവകാശപ്പെട്ടതും പറയുവാനും അവകാശപ്പെടുവാനും, അവ നല്ലൊരു ധാർമ്മികൻ എന്നോ പ്രവാചകൻ എന്നോ വിശ്വസിക്കുന്നവർക്കു കഴിയുകയില്ല. അങ്ങനെ ഒരു വ്യക്തിക്കു പകരം എടുക്കുവാൻ, യേശു ഒരിക്കലും ഉദ്ദേശിച്ചിട്ടില്ല.[1]

വർഷങ്ങൾക്കുമുൻപു, സി. എസ്. ലൂയിസ്, ഇതേ തീർപ്പിലെത്തുകയുണ്ടായി:

> ആളുകൾ പലപ്പോഴും അവനെക്കുറിച്ചു പറയുന്ന വിഡ്ഢിത്തത്തെ തടയുവാനാണ് ഞാൻ ശ്രമിക്കുന്നതു: **"**യേശുവിനെ ഒരു നല്ല ധാർമ്മികൻ ആയി ഞാൻ സ്വീകരിക്കാം, എന്നാൽ അവന്റെ ദൈവം എന്ന അവകാശത്തെ അംഗീകരിക്കുന്നില്ല.**"** ആ ഒരു കാര്യം നാം പറയരുത്. വെറും നല്ല ഒരു മനുഷ്യൻ ആയിരുന്ന ആൾ യേശുക്രിസ്തു അവകാശപ്പെട്ടതു പറഞ്ഞാൽ നല്ലൊരു ധാർമ്മികോപദേഷ്ടാവു ആവുകയില്ല. അങ്ങനെയുള്ള ആൾ ഒന്നുകിൽ താൻ ഉടച്ചെടുത്ത മുട്ട ആണ് എന്നു പറയുന്ന ഭ്രാന്തുള്ള മനുഷ്യൻ – അല്ലെങ്കിൽ അവൻ നരകത്തിലെ പിശാചായിരിക്കും. നിങ്ങളാണ് തിരഞ്ഞെടുക്കേണ്ടതു. ഒന്നു

> കിൽ അവൻ ദൈവപുത്രനായിരുന്നു, ആണ്, അല്ലെങ്കിൽ ഒരു ഭ്രാന്തനോ അല്ലെങ്കിൽ മോശക്കാരനോ എന്ന്. അവനെ ഒരു മൂഢനെ പോലെ അടച്ചിടാം, അവന്റെ മുഖത്തുതുപ്പാം, ഭൂതത്തെ കൊല്ലുന്ന തുപോലെ കൊല്ലാം; അല്ലെങ്കിൽ അവന്റെ പാദത്തിൽ വീണു കർത്താവും ദൈവവുമായുള്ളോവേ എന്നു വിളിക്കാം. എന്നാൽ അവൻ ഒരു മാനുഷിക അദ്ധ്യാപകൻ എന്ന മൂഢത്വ ചിന്തയുമായി വരരുത്. അങ്ങനെ കരുതുവാൻ നമുക്കു സാഹചര്യം തന്നിട്ടില്ല. അങ്ങനെ അവൻ ഉദ്ദേശിച്ചിട്ടുമില്ല.[2]

യേശു തന്നെക്കുറിച്ചു പറഞ്ഞതിനെ ഏറ്റവും നന്നായി ചുരുക്കി പറഞ്ഞതു ഒരു പക്ഷേ ഹോമർ ഹെയ്‌ലി ആയിരിക്കാം: **"**അവൻ അവകാശപ്പെട്ടതുപോലെ ആയിരുന്നില്ലെങ്കിൽ, അവൻ ഒരു കപട വേഷധാരിയോ, ദൈവദൂഷണം പറയുന്നവനോ, കാപട്യക്കാരനോ, വഞ്ചകനോ, അല്ലെങ്കിൽ ഒരു നുണയനോ ആകും.**"**[3]

**ഉപസംഹാരം**

ഇവയെല്ലാം ഇന്നു നമുക്കു എന്താണ് അർത്ഥമാക്കുന്നത്? ആദ്യം, ക്രിസ്തീയവിശ്വാസം ഉള്ളവർക്കു, **"**യേശു ഒരു നല്ല മനുഷ്യൻ ആയിരുന്നു" എന്നതിലുപരി നമ്മുടെ ആത്മിയത വളർത്തുന്നു. എന്റെ കുട്ടികൾ വളർന്നുവന്നപ്പോൾ, അവരെ യേശു ഉപദ്രവിക്കുന്നവരോടും കുട്ടികളോടും സൗമ്യതയോടും ദയവോടും കൂടെയാണ് ഇടപെട്ടിരുന്നതു എന്നു അവരുടെ ബാല്യത്തിൽ ഞാൻ അവരെ പഠിപ്പിച്ചിരുന്നു. ആ രീതിയിൽ ക്രിസ്തുവിനെ അവതരിപ്പിക്കുന്നതു നല്ലതാണ്. എങ്ങനെയായാലും, എന്റെ കുട്ടികൾ, യേശു സൗമ്യൻ മാത്രമായിരുന്നില്ല, ധൈര്യനും കല്പനകൾ നല്കുന്നവനുമായിരുന്നു എന്നു തിരിച്ചറിഞ്ഞില്ലെങ്കിൽ, അവർ അവരുടെ വിശ്വാസത്തിൽ പക്വത പ്രാപിക്കയില്ല. **"**ഞാൻ**"** ആകുന്നു എന്നു യേശു അവകാശപ്പെടും. പഴയ ചൊല്ല് വാസ്തവമാണ്: **"**യേശു ഒന്നുകിൽ എല്ലാവരുടേയും കർത്താവാണ്; അല്ലെങ്കിൽ അവൻ കർത്താവേ ആകുന്നില്ല!**"**

യോഹന്നാൻ 8-ൽ യേശുവിനെ കണ്ടുമുട്ടുന്നതു ഉറക്കം വരുത്തുന്നതും, ഉദാസീനരായ ക്രിസ്ത്യാനികളുടെ കവിളിൽ തണുത്ത അടി ലഭിച്ചതുപോലെയാണ്. താൻ ആരാണെന്നു പറഞ്ഞവൻ തന്നെയാണോ അവൻ? അവൻ അങ്ങനെ അല്ലെങ്കിൽ പിന്നെ നാം ഇപ്പോഴും എന്തിനു **"**സഭ കളിക്കുന്നു**"**? അവൻ അങ്ങനെ ആണെങ്കിൽ, പിന്നെ കർത്തായ യേശുവിനേക്കാൾ മറ്റൊന്നും കാര്യമല്ല എന്ന വിധത്തിൽ ജീവിക്കാത്തതും പ്രവർത്തിക്കാത്തതും എന്ത്?

ആരാധനയ്ക്കു പങ്കെടുക്കുകയും അതേ സമയം തിങ്കളാഴ്ച്ച മുതൽ ശനിയാഴ്ച്ചവരെ ക്രിസ്തീയ ജീവിതം നയിക്കാതിരിക്കുന്ന സ്ത്രീയായാലും, പുരുഷനോ ആയാലും, ഈ യേശുവിനെ കണ്ടുമുട്ടൽ ഒരു തീരുമാനം എടുക്കുവാനുള്ള ആഹ്വാനം നല്കുന്നു. നാം ഓരോരുത്തരും ഒന്നുകിൽ വിശ്വാസവശത്ത്, അല്ലെങ്കിൽ അവിശ്വാസവശത്ത് നില്ക്കണം.

നിങ്ങൾ യേശുവിനെക്കുറിച്ചു എന്തു വിചാരിക്കുന്നു? അവൻ ദൈവദൂഷണം പറഞ്ഞവനോ? അവൻ ഒരു നുണയനോ? അവൻ ഒരു ഭ്രാന്തനോ? അവൻ കർത്താവാണോ? നിങ്ങൾ തീരുമാനിക്കുക! **"എന്തായാലും"** എന്നതു ഈ കാര്യത്തിൽ തിരഞ്ഞെടുക്കാവുന്നതല്ല!

---

കുറിപ്പുകൾ

[1]ജോഷ് മെക്ഡവൽ, *മോർ ദാൻ എ കാർപ്പെന്റർ* (വീറ്റൺ, Ill.: ലിവിങ് ബുക്സ്, 1977), 25. [2]ബി. എസ്. ലൂയിസ്, *മിയർ ക്രിസ്ത്യാനിറ്റി* (ന്യൂയോർക്ക്: മാക്മില്ല്യൻ കമ്പനി., 1943), 55–56. [3]ഹോമർ ഹെയ്‌ലി, *ദാറ്റ് യു മേ ബിലീവ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1973), 25.

---

**"ഞാൻ" ആകുന്ന യേശു**

യേശുവിന്റെ ദൈവികത്വത്തെക്കുറിച്ചു വാസ്തവത്തിൽ അവൻ അവകാശപ്പെട്ടതുപോലെ തന്നെ മറ്റു സുവിശേഷങ്ങളേക്കാൾ ഊന്നൽ കൊടുത്താണ് യോഹന്നാൻ എഴുതിയിരിക്കുന്നത്. "അബ്രഹാമിന്നു മുമ്പേ ഞാൻ, ഉണ്ട്" എന്നു ക്രിസ്തു പറഞ്ഞപ്പോൾ (8:58), മോശെക്കു മുൾപ്പടർപ്പിൽ പ്രത്യക്ഷനായി സംസാരിച്ച അതേ ദൈവത്തെയാണ് യേശു വെളിപ്പെടുത്തിയതെന്നു ആളുകൾക്കു മനസ്സിലായിരുന്നു (പുറപ്പാട് 3:14). അതുകൊണ്ടാണ് ദൈവദൂഷണ കുറ്റം ചുമത്തി അവർ അവനെ കല്ലെറിയുവാൻ തുനിഞ്ഞത്. ക്രിസ്തു നിത്യനായ *ഞാൻ* ആയിരുന്നു, ആണ്. ആ അവകാശത്തെ നിരന്തരമായ തന്റെ ഉറപ്പിച്ചുള്ള പ്രസ്താവനയിൽ അതു ഉൾപ്പെടുത്തിയിട്ടുണ്ട്:

1. ഞാൻ ജീവന്റെ അപ്പം ആകുന്നു (6:35).
2. ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു (8:12; 9:5).
3. ഞാൻ വാതിൽ ആകുന്നു (10:7).
4. ഞാൻ നല്ല ഇടയൻ ആകുന്നു (10:11, 14).
5. ഞാൻ തന്നെ പുനരുത്ഥാനവും ജീവനും ആകുന്നു (11:25).
6. ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു (14:6).
7. ഞാൻ സാക്ഷാൽ മുന്തിരിവള്ളി ആകുന്നു (15:1).

ഇതിനെ പിന്തുണയ്ക്കുന്ന യോഹന്നാന്റെ സുവിശേഷത്തിലെ മറ്റു പ്രസ്താവനകൾ "ഞാനും പിതാവും ഒന്നത്രെ" (10:30); "എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു" (14:9).

© 2009 Truth for Today